**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3531** **02-03-2023 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഗവൺമെന്റ് പോളിടെക്നിക് കോളേജുകളിൽ വിദ്യാർത്ഥികളുടെ പഠന നിലവാരം യഥാസമയം കണക്കാക്കുന്നതിനായി ഏതൊക്കെ മാർഗ്ഗങ്ങളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | അക്കാദമിക് മോണിറ്ററിംഗ്, റിസൾട്ട് അനാലിസിസ് എന്നിവ നടത്തുന്നുണ്ട്. ഇതിനു പുറമെ റിസൾട്ട് അനാലിസിസ് അടിസ്ഥാനമാക്കി ഫലപ്രദമായ അദ്ധ്യയനത്തിനുവേണ്ടിയുള്ള പരിശീലനം അദ്ധ്യാപകർക്ക് നൽകി വരികയും ചെയ്യുന്നു. കൂടാതെ പഠനത്തിൽ പിന്നാക്കം നില്ക്കുന്ന വിദ്യാർത്ഥികൾക്ക് വേണ്ടി സ്കോളർ സപ്പോർട്ട് പ്രോഗ്രാമുകൾ നടത്തുന്നു. |
| (ബി) | മാറുന്ന കാലത്തിനനുസരിച്ച് വിദ്യാർത്ഥികൾക്ക് കൂടുതൽ നൂതനമായ അറിവ് നൽകുന്നതിന് അദ്ധ്യാപകരെ പ്രാപ്തരാക്കിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ; | (ബി) | മാറുന്ന കാലത്തിനനുസരിച്ച് വിദ്യാർത്ഥികൾക്ക് കൂടുതൽ നൂതനമായ അറിവ് ലഭിക്കുന്നതിന് അദ്ധ്യാപന പഠന മെച്ചപ്പെടുത്തൽ പ്രോഗ്രാമുകൾ നടത്തുന്നതിൻെറ ഭാഗമായി സാങ്കേതിക വകുപ്പിന് വിവിധ സ്കീമുകൾക്കു കീഴിൽ സാങ്കേതിക വിദ്യയിലെ സമീപകാല സംഭവ വികാസങ്ങളിൽ നിരവധി ഫാക്കൽറ്റി വികസന പരിപാടികൾ നടത്തുന്നുണ്ട്. സിലബസ് പരിഷ്കരിക്കുകയും സിലബസിലെ മാറ്റങ്ങൾക്കനുസരിച്ചുള്ള ട്രെയിനിംഗ് SITTTR, NITTTR മറ്റ് സ്ഥാപനങ്ങൾ എന്നിവ വഴി നൽകുകയും ചെയ്യുന്നു. കൂടാതെ വ്യാവസായിക പരിശീലനവും നല്കി വരുന്നു. |
| (സി) | പരീക്ഷാ ഹാളിൽ പരസ്യമായി വിദ്യാർത്ഥിനികളുടെ ദേഹപരിശോധന നടത്തുന്നു എന്ന പരാതിയുടെ നിജസ്ഥിതി പരിശോധിച്ചിട്ടുണ്ടോ; പരീക്ഷാ ഹാളിൽ ഇൻവിജിലേറ്റർമാർ നിൽക്കെ മറ്റദ്ധ്യാപകർ പരീക്ഷാ ഹാളിൽ പ്രവേശിച്ച് വിദ്യാർത്ഥിനികളുടെ ദേഹപരിശോധന നടത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; പരിശോധന ആവശ്യമായി വന്നാൽ വിദ്യാർത്ഥികളുടെ ആത്മവിശ്വാസം നഷ്ടപ്പെടാത്ത വിധം നിരീക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ നിർദ്ദേശിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | പയ്യന്നൂർ റസിഡൻഷ്യൽ പോളിടെക്നിക്കിൽ നിന്നും പരാതി ലഭിച്ചിട്ടുണ്ട്. പരാതി പരിശോധിച്ചു വരുന്നു. പരീക്ഷയുടെ നടത്തിപ്പിന് വേണ്ടി സ്ഥാപനത്തിൽ ഒരു മോണിറ്ററിംഗ് കമ്മിറ്റിയും, സംസ്ഥാന തലത്തിൽ സ്ക്വാഡുകളും രൂപീകരിച്ചിട്ടുണ്ട്. ഇവർ പരീക്ഷ നടക്കുന്ന സമയത്ത് പരീക്ഷാ ഹാളിൽ ചെന്ന് പരിശോധിക്കാറുണ്ട്. ദേഹ പരിശോധന നടത്തുന്നതിനുള്ള മാനദണ്ഡങ്ങൾ ഒന്നും നിലവിലില്ല. പരിശോധന ആവശ്യമായി വന്നാൽ വിദ്യാർത്ഥികളുടെ ആത്മവിശ്വാസം നഷ്ടപ്പെടാത്ത വിധം നിരീക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ